**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1172** **12-02-2025 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യു.ഡി. ഫോർ യൂ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കാൻ വേണ്ടി വികസിപ്പിച്ച മൊബൈൽ ആപ്പ് ആയ പി.ഡബ്ല്യു.ഡി. ഫോർ യൂ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; നാളിതുവരെ എത്ര പരാതികൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കാൻ വേണ്ടി വികസിപ്പിച്ച മൊബൈൽ ആപ്പ് ആയ PWD4U App നിലവിൽ പ്രവർത്തിക്കുന്നുണ്ട്. നാളിതുവരെ 29531 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പരാതികളിൽ എത്ര എണ്ണം പരിഹരിച്ചെന്നും ഇനി എത്ര എണ്ണം പരിഹരിക്കാൻ ഉണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ആകെ ലഭിച്ച 29531 പരാതികളിൽ 23400 പരാതികൾ പരിഹരിച്ചിട്ടുണ്ട്. ഇനി 6131 പരാതികൾ പരിഹരിക്കാനുണ്ട്. ഇവയിൽ പല പ്രവൃത്തികളും കേരളാ വാട്ടർ അതോറിറ്റി കട്ടിംഗുമായി ബന്ധപ്പെട്ടിട്ടുള്ളതും അതിർത്തി നിർണ്ണയിച്ച് കിട്ടേണ്ടതും മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ടതുമാണ്. കൂടാതെ കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ട പ്രവൃത്തിയിൽ വരുന്ന പരാതികളുമാണുള്ളത്. |
| (സി) | പ്രസ്തുത ആപ്പ് നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നാളിതുവരെ എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത ആപ്പ് നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നാളിതുവരെ 2214262/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ